**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 304** **05-08-2021 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക് വായ്പകൾക്ക് കൂട്ടുപലിശ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. നജീബ് കാന്തപുരം | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ നയത്തിന് വിരുദ്ധമായി കാർഷികേതര വായ്പകൾക്ക് കേരള ബാങ്ക് കൂട്ടുപലിശ ഈടാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | റിസർവ്വ് ബാങ്കിന്റെ മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് കൂട്ടുപലിശ ഈടാക്കുന്നത്. |
| (ബി) | വാണിജ്യ ബാങ്കുകളുടെ ചൂഷണത്തിൽ നിന്നും സാധാരണക്കാരെ സംരക്ഷിക്കുന്നതിനായി രൂപീകരിച്ച കേരള ബാങ്ക് അവയെക്കാൾ കൂടുതൽ പലിശ ഈടാക്കുന്നതായ പരാതി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ബാങ്കിന്റെ നിക്ഷേപത്തിന്റെ cost of fund-ന് അനുസരിച്ചാണ് പലിശ നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. വാണിജ്യ ബാങ്കുകളുമായി താരതമ്യം ചെയ്യുമ്പോൾ കേരള ബാങ്കിന്റെ നിക്ഷേപങ്ങളുടെ cost of fund കൂടുതലാണ്. ആയതിനാലാണ് വാണിജ്യ ബാങ്കുകളെക്കാൾ പലിശ നിരക്ക് ഉയർന്നുവരുന്നത്. |

സെക്ഷൻ ഓഫീസർ

<u>വിശദീകരണകുറിപ്പ്</u>

റിസവ്വ് ബാങ്കിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാന സഹകരണ ബാങ്ക് കൂട്ടു പലിശ നിരക്കിൽ പലിശ ഈടാക്കുന്നുണ്ട്. ബാങ്ക് കൂട്ടുപലിശ ഈടാക്കുന്നത് വായ്പ കൃത്യമായി തിരിച്ചടക്കുന്നവർക്ക് ബാധകമാകുന്നതല്ല. മറ്റ് എല്ലാ ബാങ്കുകളേയും പോലെ മാർക്കറ്റ് റേറ്റിന് അനുസരണമായാണ് സംസ്ഥാന സഹകരണ ബാങ്ക് പലിശ നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. റിസർവ്വ് ബാങ്ക് നിർദ്ദേശ പ്രകാരം മുൻ ജില്ലാ ബാങ്കുകളിലും കൂട്ടുപലിശ സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളതാണ്.

കേരളാ ബാങ്കിലെ നിക്ഷേപത്തിന്റെ cost of fund-ന് അനുസരിച്ചാണ് വായ്പകൾക്കുള്ള പലിശ നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. വാണിജ്യ ബാങ്കുകളുമായി താരതമ്യം ചെയ്യുമ്പോൾ കേരള ബാങ്കിലെ നിക്ഷേപങ്ങളുടെ cost of fund കൂടുതലാണ്. ആയതിനാലാണ് വാണിജ്യ ബാങ്കുകളെക്കാൾ പലിശ നിരക്ക് ഉയർന്നുവരുന്നത്. Cost of fund കുറയുന്നതനുസരിച്ച് വായ്പാ പലിശ നിരക്ക് കുറയ്ക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.